# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 30.11.2018-ലെ മറുപടി

ചോദ്യം നമ്പർ:1020

### അരുവിക്കരയിൽ നിർമ്മാണം ആരംഭിച്ച കുപ്പിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 14-01-2016 ൽ അരുവിക്കരയിൽ നിർമ്മാണം ആരംഭിച്ച കുപ്പിവെള്ള പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ; | (എ) | കുപ്പിവെള്ള പ്ലാന്റിന് ആവശ്യമുള്ള കെട്ടിടങ്ങൾ, ഇലക്ട്രിക് ഉപകരണങ്ങൾ, കുപ്പി വെള്ളം ഉല്പാദിപ്പിക്കുന്നതിനുള്ള വിവിധ യന്ത്ര സാമഗ്രികൾ എന്നിവയുടെ പണികൾ പൂർത്തീകരിച്ച് ജനറേറ്ററിന്റെ സഹായത്തോടു കൂടി 12/4/2018-ന് പരീക്ഷണ അടിസ്ഥാനത്തിൽ പ്ലാന്റ് പ്രവർത്തിപ്പിച്ചു. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ബി) | ഫാക്ടറീസ് ആക്റ് ബോയിലേഴ്സ് വകുപ്പ്, അളവു തൂക്ക വകുപ്പ്, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് (ബിഐഎസ്), ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്.എസ്സ്.എസ്സ്.എ.ഐ) എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതിയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും വൈദ്യുതി കണക്ഷനും ലഭിക്കുന്ന മുറയ്ക്ക് ഫെബ്രുവരി 2019-ഓടു കൂടി പദ്ധതി ഉദ്ഘാടനം ചെയ്ത് വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു . |

സെക്ഷൻ ഓഫീസർ